# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ഭരണം-സർവ്വകലാശാലാ കേന്ദ്രങ്ങളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ7 സെക്ഷൻ**

**യു.ഓ നം:4686/എ7/3/2017/ഭ:വി** **പ്രിയദർശിനി ഹിൽസ്, തീയതി: 01.08.2017**

---

പരാമർശം (1) ബഹു: വൈസ് ചാൻസിലറുടെ കുറിപ്പ് നം:വി.സി.702/115/2017 തീയതി. 18.05.2017
(2) യു.ഓ. നം: 3100/എ5/(2)/2017/ഭ:വി തീയതി. 24.05.2017

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ ഡിപ്പാർട്ട്മെന്റുകളിലും സെന്ററുകളിലും ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് എല്ലാ വകുപ്പ് തലവന്മാർക്കും ഡയറക്ടർമാർക്കും നിർദ്ദേശം നല്കുവാൻ ബഹു:വൈസ് ചാൻസിലർ, രജിസ്ട്രാറെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിൻപ്രകാരം തെരഞ്ഞെടുപ്പ് നടത്തുമ്പോൾ സംവരണ ക്രമം കൃത്യമായി പാലിക്കണമെന്നും ബഹു:വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിലുള്ള തെരഞ്ഞെടുപ്പ് സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം അഭിമുഖം നടത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം ബഹു:വൈസ് ചാൻസിലറുടെ പ്രസ്തുത നിർദ്ദേശം സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് മാത്രം ബാധകമാക്കിക്കൊണ്ട് ഭരണവിഭാഗം എ5 സെക്ഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹു:വൈസ് ചാൻസിലറുടെ പരാമർശം (1) പ്രകാരമുള്ള നിർദ്ദേശം, സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ അന്തർസർവ്വകലാശാലാ/സ്കൂൾ കേന്ദ്രങ്ങളുടെ ഡയറക്ടർമാർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സുനിൽ ബാബു.കെ
അസിസ്റ്റന്റ് രജിസ്ട്രാർ (ക്യാപ്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ അന്തർ സർവ്വകലാശാല/സ്കൂൾ കേന്ദ്രങ്ങളുടെയും ഓണററി ഡയറക്ടർമാർ
2. വൈസ് ചാൻസിലറുടെ /പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ
4. ഫിനാൻസ് 1/4, ഓഡിറ്റ് 1/5
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എം.ജി.യു ഓഡിറ്റ് )
6. എഡി എ5 സെക്ഷൻ, എഡി ഡി സെക്ഷൻ, ഐ.ക്യു.എ.സി
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ, റെക്കോർഡ് സ് സെക്ഷൻ
8. സ്റ്റോക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*ഫയൽ നം: 7240/എ7/പലവക/1/2016/ഭരണം*